**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4290** **19.10.2011 ലെ മറുപടിയ്ക്ക്**

**എസ്.ജി.എസ്.വൈ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന എസ്.ജി.എസ്.വൈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയ്ക്ക് കൂടിയ നിരക്കിലുള്ള പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി അടിസ്ഥാന പലിശനിരക്കുമായി ബന്ധപ്പെടുത്തി അതത് ബാങ്കുകൾ അംഗീകരിച്ച പലിശ നിരക്കാണ് എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം നൽകുന്ന വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്നത്. ഇപ്രകാരം നിശ്ചയിക്കുന്ന നിരക്കിന് ഉപരിയായ നിരക്കിൽ പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉയർന്ന പലിശ ഈടാക്കുന്നതു മൂലം പദ്ധതിയനുസരിച്ച് ആരംഭിച്ച തൊഴിൽ സംരംഭ യൂണിറ്റുകൾ താമസംവിനാ പൂട്ടിപ്പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | മേൽ പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന വായ്പയ്ക്ക് ധനകാര്യ സ്ഥാപനങ്ങൾ ഉയർന്ന പലിശ ഈടാക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) | പരമാവധി ഈടാക്കുന്ന പലിശ നിരക്കിൽ നിന്നും ഉയർന്ന നിരക്കിൽ പലിശ ഈടാക്കുകയാണെങ്കിൽ ഇത്തരം നടപടികൾ ബ്ലോക്ക്/ ജില്ലാ/ സംസ്ഥാനതല ബാങ്കേഴ്സ് സമിതികളുടെ ശ്രദ്ധയിൽപ്പെടുത്തി ഉയർന്ന നിരക്കിൽ പലിശ ഈടാക്കുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ